"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ്-പത്തനംതിട്ട ജില്ലയിലെ റാന്നി താലൂക്കിൽ കൊല്ലമുള വില്ലേജിൽ ഉരുൾപൊട്ടൽ/മണ്ണിടിച്ചൽ സാധ്യത പ്രദേശത്തിൽ നിന്നും 5 കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനു മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.361/2025/DMD തീയതി,തിരുവനന്തപുരം, 30-05-2025

---

പരാമർശം:-

1. സ.ഉ(കൈ)നം.25/2019/ഡിഎംഡി, തീയതി 23/08/2019
2. സ.ഉ(കൈ)നം.5/2021/ഡിഎംഡി, തീയതി 29/10/2021
3. തിരുവല്ല ആർ.ഡി.ഒയുടെ 07/07/2022 ലെ എ2-905/ 344491/2022/RDOTVLA നമ്പർ കത്ത്.
4. ജില്ലാ മണ്ണ് സംരക്ഷണ ഓഫീസറുടെ 31.08.2024 ലെ DSCO/392/2024-DMAN(1) നം കത്ത്.
5. ജില്ലാ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസറുടെ 23/07/2024, 13/08/2024 എന്നീ തീയതിയിലെ സി-2662/21 നം.കത്തുകൾ
6. പത്തനംതിട്ട ജില്ലാ കളക്ടറുടെ 12/09/2024 ലെ DCPTA/4644/2021-DM1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പത്തനംതിട്ട ജില്ലയിലെ റാന്നി താലൂക്കിൽ കൊല്ലമുള വില്ലേജിൽ നാറാണംമൂഴി ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെട്ട കുറുമ്പൻമൂഴി നഗറിൽ 23/10/2021 തീയതിയിൽ പെയ്ത കനത്ത മഴയെ തുടർന്ന് ഉരുൾപൊട്ടൽ ഉണ്ടാവുകയും അവിടുത്തെ താമസക്കാരായ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ട അഞ്ച് കുടുംബങ്ങളെ സാരമായി ബാധിക്കുകയും ചെയ്തിട്ടുള്ളതാണ്. ടി പ്രദേശത്ത് വീണ്ടും ഉരുൾപൊട്ടലിന് സാധ്യതയുണ്ടെന്നും മഴയ്ക്ക് വീടുകൾക്ക് സമീപമുള്ള തോടുകൾ നിറഞ്ഞ് ടി സ്ഥലത്ത് നാശനഷ്ടങ്ങൾ ഉണ്ടാകുവാൻ സാധ്യതയുണ്ടെന്നും ആയതിനാൽ ടി പട്ടികവർഗ്ഗ കുടുംബങ്ങളെ സ്ഥിരമായി മാറ്റി മാറ്റിപാർപ്പിക്കേണ്ടതാണെന്ന് മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ദുരന്തത്തിൽ വീട് പൂർണ്ണമായും നഷ്ടപ്പെട്ടുപൊയ കുറുമ്പൻമൂഴിയിലെ 5 പട്ടികവർഗ്ഗ കുടുംബങ്ങളെ 2021 മുതൽ ഇതു വരെയായി വീടുകൾ വാടകയ്ക്ക് എടുത്ത് താത്കാലികമായി താമസിപ്പിക്കുകയും വാടക ജില്ലാ വികസന സമിതിയുടെ അനുമതിയോടെ കോർപ്പസ് ഫണ്ടിൽ നിന്നും നൽകി വരികയുമാണ് ചെയ്യുന്നതെന്ന് പരാമർശം (4) പ്രകാരം ജില്ലാ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ അറിയിച്ചിരുന്നു.

2) ഉരുൾപൊട്ടൽ ഉണ്ടായ കുറുമ്പൻമൂഴി പ്രദേശത്തെ താമസക്കാരായ 5 കുടുംബാംഗങ്ങളുടെ പുനരധിവാസം സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നതിനായി തിരുവല്ല റവന്യൂ ഡിവിഷണൽ ഓഫീസറുടെ നേതൃത്വത്തിൽ ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ, പത്തനംതിട്ട, ജില്ലാ ജിയോളജിസ്റ്റ് പത്തനംതിട്ട, തദ്ദേശസ്വയം ഭരണ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ, റാന്നി തഹസിൽദാർ എന്നിവരെ ഉൾപ്പെടുത്തി ഒരു സംയുക്ത പരിശോധനാ ടീം രൂപീകരിച്ചിരുന്നതും പ്രസ്തുത ടീം സ്ഥല പരിശോധന നടത്തി, കുറുമ്പൻമൂഴി എന്ന സ്ഥലത്ത് താമസിച്ച് വരുന്ന ടി കുടുംബങ്ങളുടെ വീടുകൾ കുന്നിന്റെ താഴ്വാരത്ത് NG° 24'13 അക്ഷാംശത്തിലും 176° 53'94' രേഖാംശത്തിലും സ്ഥിതി ചെയ്യുന്നതായും 23/10/2021-ൽ നടന്ന ഉരുൾ പൊട്ടലിൽ മലയിടിച്ചിലിന്റെ ഭാഗമായി സമീപത്തു കൂടി ഒഴുകിയ തോട് ഗതിമാറി പ്രസ്തുത വീടുകൾക്ക് നാശനഷ്ടം ഉണ്ടായതായും ഉരുൾ പൊട്ടലിന്റെ ഭാഗമായി ഉരുളൻ കല്ലുകൾ ടി വീടുകളുടെ മുകളിലേക്ക് പതിക്കുന്ന അവസ്ഥയിലാണെന്നും പരാമർശം (2) പ്രകാരം തിരുവല്ല ആർ.ഡി.ഒ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ഈ വിഷയം പരിശോധിക്കുകയും, 2021 ഒക്ടോബർ മാസത്തിൽ ശക്തമായ മഴയെ തുടർന്നുണ്ടായ ഉരുൾ പൊട്ടലിൽ റാന്നി താലൂക്കിൽ കൊല്ലമുള വില്ലേജിൽ കുറുമ്പൻമൂഴി പട്ടികവർഗ്ഗ കോളനിയിലെ താഴെപറയുന്ന 5 കുടുംബങ്ങളുടെ വീടും സ്ഥലവും വാസയോഗ്യമല്ലാതായി തീർന്നതിനാൽ ടി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് പ്രകൃതി ദുരന്തം മൂലം വീട് നഷ്ടപ്പെട്ടവർക്ക് ഭൂമിയും വീടും വാങ്ങി നൽകുന്ന പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി ദുരന്ത ബാധിതർക്ക് സർക്കാരിൽ നിന്നും 10 ലക്ഷം രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്.

| ക്രമ. നമ്പർ | പുനരധിവസിപ്പിക്കേണ്ട ഗൃഹനാഥന്റെ പേരും വിലാസവും | വിഭാഗം (പൊതു/ പട്ടിക ജാതി/പട്ടിക വർഗ്ഗം ) | ആധാർ നമ്പർ & റേഷൻ കാർഡ് നം. വീട്ട് നമ്പർ | കുടുബത്തിന് വാസയോഗ്യമായ ഭൂമി ഉണ്ടോ എന്നുള്ള വിവരം | കുടുംബ അംഗങ്ങളുടെ എണ്ണം | കുടുംബത്തിന്റെ നിലവിലെ ഭൂമിയുടെ വിവരം | മറ്റു വിവരങ്ങൾ |
|---|---|---|---|---|---|---|---|
| 1 | സത്യൻ, S/o രാഘവൻ, പൂവത്തുംമൂട്ടിൽ, ചാത്തൻപാറ പി.ഒ കുറുമ്പൻമൂഴി, നാറാണംമൂഴി ഗ്രാമപഞ്ചായത്ത്, കൊല്ലമുള വില്ലേജ് | ഹിന്ദു ഉള്ളാട ( പട്ടിക വർഗ്ഗം) | ആധാർ നമ്പർ 320846191591 റേഷൻ കാർഡ് നമ്പർ 1315047846 വീട്ട് നമ്പർ 5/462 | വാസയോഗ്യമായ ഭൂമി ഇല്ല | 4 | നിലവിൽ ഭൂമി ഇല്ല | ഫോൺ നമ്പർ 7559848228 |
| 2 | ഷൈനി, D/o സരോജിനി, കറുത്തേടത്ത് വീട്, കുറുമ്പൻമൂഴി, ചാത്തൻതറ പി.ഒ, | ഹിന്ദു ഉള്ളാട ( | ആധാർ നമ്പർ 252426295609 റേഷൻ കാർഡ് | വാസയോഗ്യമായ ഭൂമി ഇ | 5 | നിലവിൽ ഭൂ | ഫോൺ നമ്പർ |

| | | | | | | | |
|---|---|---|---|---|---|---|---|
| | കൊല്ലമുള | പട്ടിക വർഗ്ഗം) | നമ്പർ 1315063291<br>വീട്ട് നമ്പർ 5/373 | ല്ല | | മി ഇല്ല | 9605122368 |
| 3 | രാഘവൻ, S/o കൊച്ചുകുഞ്ഞ്, പൂവത്തുംമൂട്ടിൽ വീട്, കുറുമ്പൻമൂഴി, ചാത്തൻതറ പി.ഒ, കൊല്ലമുള വില്ലേജ് | ഹിന്ദു ഉള്ളാട (പട്ടിക വർഗ്ഗം) | ആധാർ നമ്പർ 626077237363<br>റേഷൻ കാർഡ് നമ്പർ 1315047897<br>വീട്ട് നമ്പർ 5/371 | വാസയോഗ്യമായ ഭൂമി ഇല്ല | 2 | നിലവിൽ ഭൂമി ഇല്ല | ഫോൺ നമ്പർ 9744728588 |
| 4 | സരിത പി.ഒ, D/o രാഘവൻ, പൂവത്തുംമൂട്ടിൽ വീട്, കുറുമ്പൻമൂഴി, ചാത്തൻതറ പി.ഒ, കൊല്ലമുള വില്ലേജ് | ഹിന്ദു ഉള്ളാട (പട്ടിക വർഗ്ഗം) | ആധാർ നമ്പർ 6444411523881<br>റേഷൻ കാർഡ് നമ്പർ 1315055386<br>വീട്ട് നമ്പർ 5/105 | വാസയോഗ്യമായ ഭൂമി ഇല്ല | 3 | നിലവിൽ ഭൂമി ഇല്ല | ഫോൺ നമ്പർ 9744728588 |
| 5 | സാവിത്രി, D/o രാഘവൻ, ആഞ്ഞിലിമൂട്ടിൽ വീട്ടിൽ, കുറുമ്പൻമൂഴി, ചാത്തൻതറ പി.ഒ, കൊല്ലമുള വില്ലേജ് | ഹിന്ദു ഉള്ളാട (പട്ടിക വർഗ്ഗം) | ആധാർ നമ്പർ 299455113127<br>റേഷൻ കാർഡ് നമ്പർ 131504783<br>വീട്ട് നമ്പർ 5/462 | വാസയോഗ്യമായ ഭൂമി ഇല്ല | 5 | നിലവിൽ ഭൂമി ഇല്ല | ഫോൺ നമ്പർ 9744728588 |

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പത്തനംതിട്ട ജില്ലയിലെ റാന്നി താലൂക്കിൽ കൊല്ലമുള വില്ലേജിൽ ഉരുൾപൊട്ടൽ/മണ്ണിടിച്ചൽ സാധ്യത പ്രദേശത്തിൽ നിന്നും 5 കുടുംബങ്ങളെ

മാറ്റി പാർപ്പിക്കുന്നതിനു ഓരോ കുടുംബത്തിനും ഭൂമി വാങ്ങി വീട് നിർമ്മിക്കുന്നതിന് 10 ലക്ഷം രൂപ വീതം ആകെ 50 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. പുനരാധിവാസത്തിനായി വാങ്ങുന്ന ഭൂമി ദുരന്ത സാധ്യത പ്രദേശത്തിൽ നിന്നും സുരക്ഷിതമാണെന്ന് ജില്ലാ കളക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പൂജ ലാൽ കെ എ എസ്
അണ്ടർ സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം
ജില്ലാ കളക്ടർ, പത്തനംതിട്ട
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
റവന്യൂ (ഡി.ആർ.എഫ്) വകുപ്പ് (ഗുണഭോക്താക്കൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന്)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Sivaprasad V N**
**Date: 30-05-2025 15:49:57**
സെക്ഷൻ ഓഫീസർ